## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.304 — 28.05.2019 ൽ മറുപടിക്ക്

## താനൂരിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിൽ ആകെ എത്ര പി.എച്ച്.സി. കളെയാണ് എഫ്.എച്ച്.സി. കളായി ഉയർത്തിയത് എന്ന് അറിയിക്കുമോ; | (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ 2017-18, 2018-19 വർഷങ്ങളിൽ 59 കുടുംബാരോഗ്യ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | താനൂർ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര കുടുംബാരോഗ്യകേന്ദ്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്; | (ബി) | താനൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പൊൻമുണ്ടം, താനാളൂർ, തേവർ കടപ്പുറം, ഒഴൂർ എന്നീ 4 കുടുംബാരോഗ്യ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | താനൂരിൽ അനുവദിച്ച കുടുംബാരോഗ്യകേന്ദ്രങ്ങൾ എല്ലാം പൂർണ്ണമായി പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടുണ്ടോ; നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | 2018-19 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങമായി തെരഞ്ഞെടുത്ത പൊൻമുണ്ടം പി.എച്ച്.സിക്ക് സ്ഥലപരിമിതി മൂലം കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കാൻ തടസ്സമുണ്ട്. 2017-18 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ഒഴൂർ പി.എച്ച്.സി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ട്. |
| (ഡി) | മത്സ്യത്തൊഴിലാളികളും മറ്റ് പിന്നോക്കവിഭാഗങ്ങളും തിങ്ങിപ്പാർക്കുന്ന താനൂരിലെ ജനങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ കൂടി പരിഗണിച്ച് കൂടുതൽ കുടുംബാരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ഭാവിയിൽ തീരദേശ മേഖലയിലെ ബാക്കിയുള്ള ആരോഗ്യ സ്ഥാപനങ്ങളും ആർദ്രം പദ്ധതിയുടെ ഭാഗമാകുമ്പോൾ ഈ പ്രദേശത്തെ കുറവുകൾ പരിഹരിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ